YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സംസ്ഥാന സർക്കാറിൽ നിന്നും 2017-18 വർഷത്തെ പദ്ധതി വിഹിതം - ജൈവം പദ്ധതി - മിച്ചമുള്ള പണം വിനിയോഗിക്കുന്നത് - കോവിഡ് 19- വൈറസ് വ്യാപനം - സർവ്വകലാശാല കാമ്പസിൽ കൃഷിയും ഔഷധ സസ്യ പരിപാലനവും നടത്തുന്നത് - സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

**ഭരണ വിഭാഗം എ 7 സെക്ഷൻ**

നമ്പർ. 2670/AD A 7/2020/എം.ജി.യു　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 18.06.2020

---

*പരാമർശം:*-1. G. O . (Rt.) No. 630/2017/H.Edn.; Dated 31/03/2017
2. G O (Rt) No. 633/2017/ H Edn Dated 24/05/2017
3. U O No. 3151/AD A7/1/2017/Admn Dated 24/05/2017
4. G. O. (Rt.) No. 837/2017/H.Edn; Dated 06/05/2017
5. U. O . No. 3495/P & D- 1/1/2017/Admn; Dated 12/06/2017
6. രജിസ്ട്രാറുടെ കുറിപ്പ് നം. രജിസ്ട്രാർ/3/2020(1); തീയതി 12.05.2020
7. 26.05.2020-ന്റെ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ നം. ഒ. എ. 6/20.02 മിനിറ്റ്സ് ഇനം നമ്പരായുള്ള തീരുമാനം.

**<u>ഉത്തരവ്</u>**

2017 വർഷത്തിൽ സർവകലാശാല നടപ്പിലാക്കിയ 'ജൈവം 2017' എന്ന പദ്ധതിയുടെ നടത്തിപ്പിലേക്കായി 'ജൈവ സുസ്ഥിര കൃഷിക്കായുള്ള അന്തർ സർവ്വകലാശാല കേന്ദ്രത്തിന്' സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച പരാമർശം (1) (2) & (3) പ്രകാരം ₹1,00,00,000/- രൂപയും (ഒരു കോടി രൂപ മാത്രം ) 2017-18 വർഷത്തെ സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ നിന്നും പരാമർശം (4) & (5) പ്രകാരം വകയിരുത്തിയ ₹2,58,17,500/- (രണ്ടു കോടി അൻപത്തെട്ടു ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും ചേർത്ത് ആകെ ₹3,58,17,500/- (മൂന്നു കോടി അൻപത്തെട്ടു ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) ജൈവം പദ്ധതിയുടെ ജനറൽ കൺവീനറർക്ക് സർവകലാശാല കൈമാറിയിരുന്നു.

'ജൈവം' പദ്ധതി പൂർത്തിയായ സാഹചര്യത്തിൽ, കോവിഡ്-19 വൈറസ് വ്യാപനം തടയുന്നതിനായി ആഗോളതലത്തിൽ ഗവേഷണപ്രവർത്തനങ്ങൾ ആവശ്യമായ സാഹചര്യത്തിലും കോവിഡ് വ്യാപനം തടയുന്നതിനായി രാജ്യവ്യാപകമായി ഏർപ്പെടുത്തിയ ലോക്ക്ഡൗൺ മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും കാർഷികമേഖലയ്ക്കു പ്രാധാന്യം നൽകുന്ന തരത്തിൽ കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്കു ഊന്നൽ നൽകണമെന്നുള്ള സംസ്ഥാന സർക്കാർ നിർദ്ദേശം പരിഗണിച്ചും സർവ്വകലാശാല കാമ്പസിൽ അമൂല്യമായ ഔഷധ സസ്യങ്ങളെ സംരക്ഷിക്കുന്നതിനു ഒരു ഔഷധ സസ്യോദ്യാനം തയ്യാറാക്കുന്നത് ഉചിതമായിരിക്കുമെന്ന പൊതു അഭിപ്രായം രൂപപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, 'ജൈവം' പദ്ധതിയിൽ മിച്ചമുള്ള പണം സർവ്വകലാശാലയിലേക്ക് കൈമാറുന്നതിനും പ്രസ്തുത തുക മേൽപ്പറഞ്ഞ കാർഷിക പദ്ധതിക്കു ഉപയോഗിക്കുന്നതിനും ഇതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി തേടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ പരാമർശം (6) പ്രകാരം IUCOFSA യുടെ ഓണററി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 19845/AD A7-1/2020/AD A 7 Approved by ASSISTANT REGISTRAR V (ADMIN) on 18-Jun-2020 12:03 PM - Page 1

ഡയറക്ടർക്ക് അറിയിപ്പ് നൽകിയിരുന്നു.

26/05/2020 ന്ന കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (7) പ്രകാരം മേൽ വിഷയം പരിഗണിച്ചു ചുവടെ ചേർക്കുന്ന തീരുമാനം കൈക്കൊണ്ടു.

കോവിഡ് 19 ലോക്ക്ഡൗൺ കാരണമുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കാർഷിക മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്ന പദ്ധതികൾ ആരംഭിക്കുന്നതിന്ന കേരള സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കിയ ജൈവം പദ്ധതിയിൽ മിച്ചമുള്ള പണം സർവ്വകലാശാലയിലേക്ക് കൈമാറുന്നതിനും പ്രസ്തുത തുക മേൽപ്പറഞ്ഞ കാർഷിക പദ്ധതിക്കു ഉപയോഗിക്കുന്നതിനും ഇതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി തേടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലേഖ ജെ

അസിസ്റ്റന്റ് രജിസ്ട്രാർ 5 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡോ. സന്തോഷ് പി. തമ്പി, ജനറൽ കൺവീനർ, 'ജൈവം 2017' (തുടർനടപടികൾക്കായി)
2. വൈസ് ചാൻസലറുടെ/പ്രൊ-വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാറുടേ/ഫിനാൻസ് ഓഫീസറുടെ പി.എ.
4. ജോയിന്റ് രജിസ്ട്രാർ 3 (ഭരണം)/അസി. രജിസ്ട്രാർ 5 (ഭരണം)
5. ജോയിന്റ് ഡയറക്ടർ, കെ. എസ്. എ. ഡി.
6. P & D 1/ഫിനാൻസ് 1/ഓഡിറ്റ് 1/ഓഡിറ്റ്5/എസി സി/ജൈവം സെൽ
7. റെക്കോർഡ്സ്/കണ്ടന്റ് മാനേജ്മെന്റ്
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 19845/AD A7-1/2020/AD A 7 Approved by ASSISTANT REGISTRAR V (ADMIN) on 18-Jun-2020 12:03 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം